# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 4529** **25.06.2019 ൽ മറുപടിയ്ക്ക്**

**<u>സാക്ഷരതാമിഷനിലെ പ്രോജക്ട് കോർഡിനേറ്റർ</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | സാക്ഷരതാമിഷനിൽ ജില്ലാ പ്രേരക് തസ്തികക്ക് പകരം ജില്ല പ്രോജക്ട് കോർഡിനേറ്റർ എന്ന സാങ്കൽപ്പിക തസ്തിക സൃഷ്ടിച്ച് കോടികൾ ഖജനാവിന് നഷ്ടം വരുത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയു ണ്ടായോ; | (എ) | ജില്ലാ പ്രേരക് എന്ന തസ്തിക നിലവിലില്ല. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ എന്ന തസ്തികയിൽ കരാർ നിയമനമാണ് നടത്തുന്നത്. |
| (ബി) | സാക്ഷരതാമിഷനിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രവർത്തിക്കുന്നത് നിശ്ചിത യോഗ്യതയില്ലാത്ത വ്യക്തിയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അസി. ഡയറക്ടറെ നിയമിക്കുന്ന സമയത്ത് നിഷ്കർഷിച്ച യോഗ്യതയുള്ളവരാണ് പ്രവർത്തിക്കുന്നത്. |
| ((സി) | സാക്ഷരതാമിഷൻ പ്രവർത്തന ങ്ങൾക്കുള്ള ഫണ്ട് 2017 വരെ അനുവദിച്ചിരുന്നത് ഇത്തരം സാങ്കൽപ്പിക തസ്തികകൾക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലൂടെ ആയിരുന്നോ; | (സി) | സർക്കാർ ഫണ്ട് ട്രഷറി അക്കൗണ്ടിലേക്കാണ് അനുവദിക്കുന്നത്. ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് സംസ്ഥാന സാക്ഷരതാമിഷൻ ഫണ്ട് അനുവദിക്കുന്നത്. |
| (ഡി) | ജില്ലകളിൽ പ്രോജക്ടുകൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ഇതിനായി 44 തസ്തികകൾ എങ്ങനെ സൃഷ്ടിച്ചുവെന്നും കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവർക്ക് സ്ഥാനക്കയറ്റം നൽകിയതെങ്ങനെയെന്നും പരിശോധിക്കുമോ? | (ഡി) | 44 തസ്തികകൾ അനുവദിച്ചിട്ടില്ല. കരാർവ്യവസ്ഥയിൽ പ്രവർത്തിക്കുന്നവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ